LIBRARY ARCHIVES Kerala Legislative Assembly

ടൂറിസ്റ്റ് വാഹനങ്ങളടക്കമുള്ള കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾക്ക് 1-4-2020 മുതൽ ഏതാനും ക്വാർട്ടറുകളിലെ നികുതി ഒഴിവാക്കുകയും അടയ്ക്കുന്നതിനുള്ള സമയം നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. ഓടാത്ത വാഹനങ്ങൾക്ക് G-Form നൽകി നികുതി പൂർണ്ണമായും ഒഴിവാക്കാവുന്നതാണ്. പ്രസ്തുത വാഹനങ്ങളുടെ 1-4-2021, 1-7-2021 ക്വാർട്ടറുകളിലെ നികുതി ഒഴിവാക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കോവിഡ് പ്രതിസന്ധിയിൽ സർവ്വീസ് നിർത്തിവച്ച ടൂറിസ്റ്റ് വാഹനങ്ങളുടെ പെർമിറ്റ് പുതുക്കുന്നതിനും, ഇൻഷ്വറൻസ്, വാഹനനികുതി എന്നിവ അടയ്ക്കുന്നതിനും സാവകാശം അനുവദിക്കുമോ?

സർവ്വീസ് നിർത്തിവച്ച ടൂറിസ്റ്റ് വാഹനങ്ങളുടെ പെർമിറ്റ് പുതുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ 17-6-2021-ലെ RT-11036/35/2020-MVL ഉത്തരവുപ്രകാരം 30-9-2021 വരെ സാവകാശം നൽകിയിട്ടുണ്ട്. വാഹന നികുതി അടക്കുന്നതിന് കാലാവധി നീട്ടി നൽകിയതിന്റേയും ഒഴിവാക്കിയതിന്റേയും വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) വാഹന ഉടമകളുടെ ബാങ്ക് വായ്പയുടെ തിരിച്ചടവിന് സാവകാശം അനുവദിക്കുന്നതിന്, സംസ്ഥാന ബാങ്കേഴ്സ് സമിതിയുടെ യോഗം വിളിച്ചുചേർത്ത് അടിയന്തര പരിഹാരം ഉണ്ടാക്കുവാൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ?

ഇൻഷ്വറൻസ്, ലോൺ തിരിച്ചടവ് ഉടങ്ങിയ കാര്യങ്ങളിൽ കേന്ദ്ര സർക്കാരും ബാങ്കുകളുമാണ് തീരുമാനമെടുക്കേണ്ടത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

**കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി**

203 (4591) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുഗതാഗത മേഖലയിൽ വിപ്ലവകരമായ മാറ്റം സൃഷ്ടിക്കാൻ കഴിയുന്ന കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ പുരോഗതി വിവരിക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്ട് (2019-ലെ 25)-ലെ 3-ാം വകുപ്പ് പ്രകാരം നൽകിയ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ കൊച്ചി കോർപ്പറേഷൻ പരിധിയിലെ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന അർബൻ മൊബിലിറ്റി പ്രദേശത്തിനുവേണ്ടി 30-10-2020-ലെ സ.ഉ.(അച്ചടി)നമ്പർ 57/2020/ ഗതാഗതം (SRO No.757/2020) പ്രകാരം കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിച്ചു. 1-11-2020 മുതൽ പ്രസ്തുത അതോറിറ്റി പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. 22-1-2021-ൽ ചേർന്ന KMTA-യുടെ പ്രഥമ ബോർഡ് യോഗം കൊച്ചിയിലെ സംയോജിത ഗതാഗത പദ്ധതികളുടെ സുഗമവും സമയബന്ധിതവുമായ നടത്തിപ്പിനായി വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുകയും ഇതിനായുള്ള പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്. വൈപ്പിനിൽനിന്നും കൊച്ചി യിലേക്ക് ബസ്സുകളുടെ പ്രവേശനം സംബന്ധിച്ച് പഠിക്കുന്നതിനായി NATPAC-നെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL)-ൽ പ്രവർത്തിച്ചിരുന്ന Urban Mobility Transport Authority (UMTA)-യുടെ തുടർ പ്രവർത്തനങ്ങളിൽ ഇപ്പോൾ കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ശ്രദ്ധ ചെലുത്തിവരുന്നു. 23-7-2021-ൽ കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ്‌വർക്ക് (KOMN)-ന്റെ ഉദ്ഘാടനം, യാത്രി ആപ്പിന്റെ പ്രകാശനം ഉൾപ്പെടെയുള്ള പ്രവർത്ത നങ്ങൾ നിർവ്വഹിച്ചു.

(ബി) പൊതുഗതാഗതം, ഏകോപനം, നടത്തിപ്പ്, നിയന്ത്രണം, ആസൂത്രണം എന്നീ കാര്യങ്ങളിൽ പ്രസ്തുത അതോറിറ്റിക്ക് എന്തെല്ലാം അധികാരങ്ങളും ചുമതലക ളുമാണുള്ളതെന്ന് വ്യക്തമാക്കുമോ?

കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്ട് (2019-ലെ 25)-ലെ അദ്ധ്യായം IV പ്രകാരമുള്ള കർത്തവ്യങ്ങളും ചുമതലകളും അധികാരങ്ങളും കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയിൽ നിക്ഷിപ്തമാണ്. പ്രസ്തുത ആക്ടിന്റെ പ്രസക്ത ഭാഗം അനുബന്ധമായി* ചേർക്കുന്നു.

(സി) സംസ്ഥാനത്തെ വലിയ നഗരങ്ങളിൽ ഇത്തരം അതോറിറ്റികൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കാമോ?

കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്ട് (2019-ലെ 25)-ലെ അദ്ധ്യായം III 11-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പ് പ്രകാരം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളുടെ മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ പ്രദേശങ്ങൾ 18-12-2019 മുതൽ അർബൻ മൊബിലിറ്റി പ്രദേശമായി പ്രഖ്യാപിച്ചി ട്ടുള്ളതാണ്. ആദ്യഘട്ടമെന്ന നിലയിൽ കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.